## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6071 4.07.2019 ൽ മറുപടിയ്ക്ക്

## സാക്ഷരതാ മിഷൻ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.പി.സി. ജോർജ്** | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാക്ഷരതാ മിഷൻ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | 2016-19 കാലയളവിൽ സാക്ഷരത-തുടർ വിദ്യാഭ്യാസരംഗത്ത് മിഷൻ നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനായി സാക്ഷരതാമിഷൻ ആവിഷ്കരിച്ച് കേരളത്തിലാകമാനം നടപ്പിലാക്കിയ **'അക്ഷരലക്ഷം'** പദ്ധതിയിലൂടെ **42933** പേരെ സാക്ഷരരാക്കാൻ കഴിഞ്ഞു.<br><br>2. പട്ടികജാതി-പട്ടികവർഗ്ഗ തീരദേശ മേഖലകളിൽ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനായി തുടർ വിദ്യാകേന്ദ്രങ്ങൾ സ്ഥിതിചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും തെരഞ്ഞെടുത്ത കോളനികളിലാണ് പ്രത്യേക സാക്ഷരതാ പരിപാടി ആരംഭിച്ചിട്ടുള്ളത്. 2000 കോളനികളിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നു.<br><br>3. പാലക്കാട് ജില്ലയിലെ ആദിവാസിമേഖലയായ അട്ടപ്പാടിയിൽ സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന **'അട്ടപ്പാടി ആദിവാസി സാക്ഷരതാ പദ്ധതി'** യിലൂടെ വിവിധ ഊരുകളിലായി **3670** പേരെ സാക്ഷരരാക്കാൻ സാധിച്ചു. |

4. വയനാട് ജില്ലയിൽ നടപ്പിലാക്കിവരുന്ന **'വയനാട് ആദിവാസി സാക്ഷരതാ പദ്ധതി'**യിലൂടെ 4309 പേർ സാക്ഷരരായി. ഈ പദ്ധതി 200 ഊരുകളിൽക്കൂടി വ്യാപിപ്പിച്ചിട്ടുണ്ട്.

5. കേരളത്തിലെ പട്ടികജാതി വിഭാഗക്കാർക്കായി നടപ്പിലാക്കിവരുന്ന **'നവചേതന' പദ്ധതി**യിലൂടെ 1756 പേരെ സാക്ഷരരാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതി 100 കോളനികളിൽ കൂടി വ്യാപിപ്പിച്ചിട്ടുണ്ട്.

6. സംസ്ഥാന സാക്ഷരതാമിഷന്റെ ആഭിമുഖ്യത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പുമായി ചേർന്ന് പട്ടികവർഗ്ഗ വിഭാഗക്കാർക്കായി നടപ്പിലാക്കിവരുന്ന **'സമഗ്ര'** പദ്ധതിയിലൂടെ ആദിവാസി വിഭാഗത്തിൽപ്പെട്ട 1996 പേരെ സാക്ഷര രാക്കാൻ കഴിഞ്ഞു.

7. കേരളത്തിൽ നിരക്ഷരത കൂടുതലാണെന്ന് കണ്ടെത്തിയിട്ടുള്ള തീരദേശ മേഖലകളിൽ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനായി ഫിഷറീസ് വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കിവരുന്ന **'അക്ഷരസാഗരം' തീരദേശ സാക്ഷരതാ പദ്ധതിയുടെ** രണ്ട് ഘട്ടങ്ങളിലൂടെ 6756 നിരക്ഷരരെ സാക്ഷരരാക്കി. ഇതിന്റെ മൂന്നാംഘട്ടം കണ്ണൂർ, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിൽ ആരംഭിച്ചു.

8. കേരളത്തിലെത്തുന്ന ഇതര സംസ്ഥാന തൊഴിലാളികളെ മലയാളത്തിലും ഹിന്ദിയിലും സാക്ഷരരാക്കുന്നതിനായി സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി **'ചങ്ങാതി' പദ്ധതി** ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ മാതൃകാ പദ്ധതി എറണാകുളം ജില്ലയിലെ പെരുമ്പാവൂരിലാണ് നടപ്പിലാക്കിയത്. തുടർന്ന് 14 ജില്ലകളിലേക്കും വ്യാപിപ്പിക്കുക യുണ്ടായി. ഈ പദ്ധതിയിലൂടെ 2752 ഇതരസംസ്ഥാന തൊഴിലാളികളെ സാക്ഷരരാക്കാൻ കഴിഞ്ഞിട്ടുണ്ട്.

9. കേരളത്തിലെ ട്രാൻസ്ജൻഡർ വിഭാഗത്തിൽപ്പെട്ടവരുടെ തുടർവിദ്യാഭ്യാസ ത്തിനായി സാക്ഷരതാമിഷൻ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് **'സമന്വയ'**. ഈ പദ്ധതിയിലൂടെ 2018-19 അധ്യയന വർഷത്തിൽ ഈ വിഭാഗത്തിൽപ്പെട്ട 21 പേർ പത്താംതരം തുല്യതാപരീക്ഷ വിജയിക്കുകയുണ്ടായി.

9. തിരുവനന്തപുരം കോർപ്പറേഷനുമായി ചേർന്ന് **'അക്ഷരശ്രീ' പദ്ധതി** ആരംഭിച്ചു. **8500** പേർ സാക്ഷരത-തുല്യതാകോഴ്സിന്റെ ഗുണഭോക്താക്കളാണ്.

(ബി) പ്രസ്തുത മിഷൻ ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) **"അക്ഷരലക്ഷം"**, **"നവചേതന"**, **"ചങ്ങാതി"**, **"സമന്വയ"** എന്നീ പദ്ധതികൾ **ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ** നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ **പത്തനംതിട്ട ജില്ലയിൽ 'സമഗ്ര' പദ്ധതിയും ആലപ്പുഴ ജില്ലയിൽ 'അക്ഷരസാഗരം' പദ്ധതിയും** നടപ്പിലാക്കി വരുന്നു.

(സി) സാക്ഷരതാ മിഷനിലെ ഹെഡ് ക്വാർട്ടേഴ്സ് ഓഫീസിന്റെയും ജില്ലാ ഓഫീസുകളുടെയും അഡ്രസ്സ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ഓഫീസുകളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ എണ്ണവും ഔദ്യോഗിക മേൽവിലാസവും അറിയിക്കുമോ?

(സി) & (ഡി) കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയിൽ കരാർ, ദിവസവേതനം, ഡെപ്യൂട്ടേഷൻ എന്നീ വ്യവസ്ഥകളിലാണ് സംസ്ഥാന-ജില്ലാ ഓഫീസുകളിൽ ഉദ്യോഗസ്ഥർ ജോലി നിർവഹിച്ചുവരുന്നത്. പ്രസ്തുത ഓഫീസുകളുടെ ഔദ്യോഗിക വിലാസവും ജീവനക്കാരുടെ എണ്ണവും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

## സംസ്ഥാന-ജില്ലാ ഓഫീസുകളിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ എണ്ണവും ഔദ്യോഗികവിലാസവും സംബന്ധിച്ച വിവരങ്ങൾ

| ഓഫീസ് | ജീവനക്കാരുടെ എണ്ണം | ഔദ്യോഗികവിലാസം |
|---|---|---|
| സംസ്ഥാന ഓഫീസ് | 31 | കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി, റ്റി സി 27/1461, കോൺവെന്റ് റോഡ്, കമ്മട്ടം ലെയ്ൻ, വഞ്ചിയൂർ തിരുവനന്തപുരം-35 ഫോൺ: 0471-2472254, 2472253 |
| തിരുവനന്തപുരം ജില്ലാ സാക്ഷരതാമിഷൻ | 9 | ജില്ലാ പഞ്ചായത്ത് ഓഫീസ് പട്ടം, തിരുവനന്തപുരം ഫോൺ: 0471-2556740 |
| കൊല്ലം ജില്ലാ സാക്ഷരതാമിഷൻ | 6 | ജില്ലാ പഞ്ചായത്ത് തേവള്ളി, കൊല്ലം, ഫോൺ: 0474-2798020 |
| പത്തനംതിട്ട ജില്ലാ സാക്ഷരതാമിഷൻ | 4 | സിവിൽ സ്റ്റേഷൻ കളക്ട്രേറ്റ്, പത്തനംതിട്ട, ഫോൺ: 0468-22220799 |
| ആലപ്പുഴ ജില്ലാ സാക്ഷരതാമിഷൻ | 5 | ജില്ലാ പഞ്ചായത്ത് കളക്ട്രേറ്റ്, ആലപ്പുഴ, ഫോൺ: 0477-2252095 |
| കോട്ടയം ജില്ലാ സാക്ഷരതാമിഷൻ | 5 | വയസ്ക്കരകുന്ന് കോട്ടയം, ഫോൺ: 0481-2302055 |
| ഇടുക്കി ജില്ലാ സാക്ഷരതാമിഷൻ | 5 | ജില്ലാ പഞ്ചായത്ത് കുയിലിമല, പൈനാവ് പി ഒ, ഇടുക്കി ഫോൺ: 0486-2232294 |
| എറണാകുളം ജില്ലാ സാക്ഷരതാമിഷൻ | 6 | സിവിൽസ്റ്റേഷൻ കാക്കനാട്, എറണാകുളം, ഫോൺ: 0484-2426596 |
| തൃശൂർ ജില്ലാ സാക്ഷരതാമിഷൻ | 5 | ജില്ലാ പഞ്ചായത്ത് ഓഫീസ് അയ്യന്തോൾ, തൃശൂർ, ഫോൺ: 0487-2365024 |

| | | |
|---|---|---|
| പാലക്കാട് ജില്ലാ സാക്ഷരതാമിഷൻ | 4 | ജില്ലാ പഞ്ചായത്ത് ഓഫീസ്<br>പാലക്കാട്<br>ഫോൺ: 0491-2505179 |
| മലപ്പുറം ജില്ലാ സാക്ഷരതാമിഷൻ | 5 | സാക്ഷരതാഭവൻ, സിവിൽസ്റ്റേഷൻ<br>മലപ്പുറം - 676505,<br>ഫോൺ: 0483-2734670 |
| കോഴിക്കോട് ജില്ലാ സാക്ഷരതാമിഷൻ | 4 | ജില്ലാ പഞ്ചായത്ത്<br>കോഴിക്കോട്,<br>ഫോൺ: 0495-2370053 |
| വയനാട് ജില്ലാ സാക്ഷരതാമിഷൻ | 5 | സിവിൽസ്റ്റേഷൻ<br>കൽപ്പറ്റ, വയനാട്,<br>ഫോൺ: 0493-6202091 |
| കണ്ണൂർ ജില്ലാ സാക്ഷരതാമിഷൻ | 5 | ജില്ലാ പഞ്ചായത്ത്<br>കണ്ണൂർ,<br>ഫോൺ: 0497-2707699 |
| കാസറഗോഡ് ജില്ലാ സാക്ഷരതാമിഷൻ | 5 | വിദ്യാനഗർ പി ഒ<br>കാസറഗോഡ്,<br>ഫോൺ: 0499-4255507 |